**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3194** **04-08-2021 - ൽ മറുപടിയ്ക്ക്**

**എരുമേലി സാമൂഹികാരോഗ്യ കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | എരുമേലിയിൽ വിദഗ്ധ ചികിത്സാ സൗകര്യമുള്ള ആശുപത്രിയുടെ അഭാവം മൂലം ശബരിമല തീർത്ഥാടകർക്ക് ചികിത്സയ്ക്കായി പലപ്പോഴും ദൂരെയുള്ള ആശുപത്രികളെ ആശ്രയിക്കേണ്ടി വരുന്ന സാഹചര്യം നിലനിക്കുന്നതിനാൽ എരുമേലിയിൽ പ്രവർത്തിക്കുന്ന സാമൂഹികാരോഗ്യ കേന്ദ്രം താലൂക്ക് ആശുപത്രിയായി ഉയർത്തുന്ന വിഷയം പരിഗണിക്കുമോ; | (എ) | എരുമേലി വഴി ശബരിമല മണ്ഡല മകരവിളക്ക് തീർത്ഥാടന കാലയളവിൽ ദർശനത്തിനെത്തുന്ന തീർത്ഥാടകരുടെ സൗകര്യാർത്ഥം എരുമേലി സാമൂഹികാരോഗ്യ കേന്ദ്രത്തിലെ മാനവവിഭവ ശേഷിയും മറ്റ് ചികിത്സാ സൗകര്യങ്ങളും വർദ്ധിപ്പിക്കാറുണ്ട്. മാത്രമല്ല 2020-2021 മണ്ഡല മകരവിളക്ക് കാലഘട്ടത്തിൽ തീർത്ഥാടകർക്ക് സ്വകാര്യ ആശുപത്രികളിൽ ചികിത്സയൊരുക്കുന്നതിനു വേണ്ട നിർദേശം നൽകിയിരുന്നു.ഇത് പ്രകാരം നോൺ കാസ്പ്(APL)കേരളത്തിലുള്ളവർക്കും കേരളത്തിന് പുറത്തു നിന്നുള്ളവർക്കും കോവിഡ് ഇതര ചികിത്സകൾ കോസ്റ്റ് ബെയ്സിൽ നൽകാനും,നോൺ കാസ്പ് APL വിഭാഗത്തിലുള്ള കേരള സംസ്ഥാനക്കാർക്ക് കോവിഡ് ചികിത്സ സർക്കാർ ആശുപത്രികളിൽ നിന്ന് സ്വകാര്യ ആശുപത്രികളിലേയ്ക്ക് റഫർ ചെയ്യുമ്പോൾ ഇപ്രകാരമുള്ള രോഗികൾക്ക് സ്വകാര്യ ആശുപത്രികളിലും ചികിത്സ സൗജന്യമായിരിക്കും. എന്നാൽ നോൺ കാസ്പ് APL വിഭാഗത്തിലുള്ള ഇതരസംസ്ഥാനക്കാർക്ക് കോവിഡ് ചികിത്സ കോസ്റ്റ് ബെയ്സിൽ ആയിരിക്കും. |
| (ബി) | ശബരിമല തീർത്ഥാടകർക്കും പൂഞ്ഞാർ, കാഞ്ഞിരപ്പള്ളി നിയോജക മണ്ഡലങ്ങളിലേയും കൂടാതെ റാന്നി, പീരുമേട് അതിർത്തി പഞ്ചായത്തുകളിലെയും ജനങ്ങൾക്കും ഒരുപോലെ പ്രയോജനപ്രദമായ പ്രസ്തുത ആവശ്യം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | എരുമേലി സാമൂഹികാരോഗ്യ കേന്ദ്രത്തിനു സമീപം സ്ഥിതി ചെയ്യുന്ന മറ്റ് ആരോഗ്യ സ്ഥാപനങ്ങൾ- ജനറൽ ആശുപത്രി കാഞ്ഞിരപ്പള്ളി, റാന്നി താലൂക്ക് ആശുപത്രി ഇവ രണ്ടും ടി സ്ഥാപനത്തിൽ നിന്നും 18 കിലോ മീറ്റർ അകലെയാണ്. കൂടാതെ പാലാ ജനറൽ ആശുപത്രി ടി സ്ഥാപനത്തിൽ നിന്നും 39 കിലോ മീറ്റർ അകലെയാണ് സ്ഥിതി ചെയ്യുന്നത്.ആയതിനാൽ ശബരിമല തീർത്ഥാടകർക്കും പൂഞ്ഞാർ, കാഞ്ഞിരപ്പള്ളി നിയോജക മണ്ഡലങ്ങളിലേയും റാന്നി, പീരുമേട് |

| | | | |
|---|---|---|---|
| | | | അതിർത്തി പഞ്ചായത്തുകളിലെയും ജനങ്ങൾക്കും ടി സ്ഥാപനങ്ങൾ ഫലപ്രദമാണ്. |

സെക്ഷൻ ഓഫീസർ